# റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ

**www.rbi.org.in**

ആര്‍.ബി.ഐ./2019-20/39
എഫ്.ഐ.ഡി.ഡി. സി.ഒ. പ്ലാന്‍ ബിസി.7/04.09.01/2019-20 ആഗസ്ററ് 13, 2019

ചെയര്‍മാന്‍/മാനേജിംഗ് ഡയറക്ടര്‍/
ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്‍മാര്‍
എല്ലാ ഷെഡ്യൂള്‍ഡ് വാണിജ്യബാങ്കുകളും
(ഗ്രാമീണ ബാങ്കുകളും, എസ്.എഫ്.ബികളും ഒഴികെ)

ഡിയര്‍ സര്‍/ മാഡം,

## മുന്‍ഗണനാ മേഖലാ വായ്പകള്‍ - പുനര്‍ വായ്പയ്ക്കായി (ഓണ്‍ലെന്‍ഡിംഗ്) ബാങ്കുകള്‍ എന്‍ ബി എഫ് സി കള്‍ക്കു നല്‍കുന്ന വായ്പകള്‍

വായ്പക്കാരുടെ ആവശ്യാധിഷ്ഠിത മേഖലകളില്‍ വായ്പലഭ്യത വര്‍ധിപ്പിക്കുന്നതിന്, രജിസ്റ്റര്‍ ചെയ്ത എന്‍ ബി എഫ് സി കള്‍ക്ക് (എം.എഫ് ഐ കള്‍ അല്ലാത്ത) പുനര്‍ വായ്പ നല്‍കുന്നതിന് നല്‍കുന്ന ബാങ്ക് വായ്പകള്‍ താഴെ പറയുന്ന വ്യവസ്ഥകള്‍ക്കു വിധേയമായി അതാതു വിഭാഗങ്ങളില്‍ മുന്‍ഗണനാ വായ്പയായി പരിഗണിക്കാന്‍ അര്‍ഹതയുണ്ടെന്ന് തീരുമാനിച്ചിരിക്കുന്നു.

i. കൃഷി- കാര്‍ഷിക മേഖലയില്‍ എന്‍ ബി എഫ് സി കള്‍ നല്‍കുന്ന പുനര്‍ വായ്പ കാലാവധി വായ്പയാണെങ്കില്‍ പരമാവധി 10 ലക്ഷം രൂപ വരെയെന്ന് നിജപ്പെടുത്തിയിരിക്കുന്നു.

ii. സൂക്ഷ്മ - ചെറുകിട സംരംഭങ്ങള്‍ 10 ലക്ഷം രൂപ വരെ - എന്‍ ബി എഫ് സി കള്‍ നല്‍കുന്ന ഓണ്‍ലെന്‍ഡിംഗ് വായ്പ ഒരാള്‍ക്ക് പരമാവധി 20 ലക്ഷം രൂപ വരെ

iii. ഗൃഹവായ്പ - ഹൗസിംഗ് ഫിനാന്‍സ് കമ്പിനികള്‍ക്ക് മുന്‍ഗണനാ മേഖലാ വായ്പയെ സംബന്ധിച്ച മാസ്റ്റര്‍ നിര്‍ദ്ദേശം പാര 10.5 പ്രകാരം പുനര്‍ വായ്പ നല്‍കാനുള്ള പരിധി ഒരാള്‍ക്ക് 10 ലക്ഷം രൂപ എന്നത് 20 ലക്ഷം രൂപയായി ഉയര്‍ത്തിയിരിക്കുന്നു.

2. മേൽസൂചിപ്പിച്ച പുനർ വായ്പാമാതൃകയനുസരിച്ച്, ബാങ്കുകൾ ഈ സർക്കുലർ തീയതിയിലോ അതിനു ശേഷമോ എൻ ബി എഫ് സി കൾ കൊടുക്കുന്ന പുതിയ ബാങ്ക് വായ്പകൾ മാത്രമേ ഈ വിഭാഗത്തിൽ പെടുത്താവൂ. എന്നാൽ നിലവിലുള്ള പുനർ വായ്പാ മാർഗനിർദ്ദേശങ്ങൾ പ്രകാരം എച്ച്.എഫ്.സി.കൾക്കു നൽകുന്ന വായ്പകൾ മുൻഗണനാ മേഖലാ വായ്പകളായി തുടർന്നും പരിഗണിക്കും.

3. പുനർ വായ്പയ്ക്കായി എൻ.ബി.എഫ്.സികൾക്ക് ബാങ്ക് നൽകുന്ന വായ്പ ഓരോ ബാങ്കിന്റേയും മുൻഗണനാ മേഖലാവായ്പയുടെ പരമാവധി 5 ശതമാനമെന്ന് തുടർന്നു പോകുന്ന നിലയിൽ നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ, മേൽക്കാണിച്ച നിർദ്ദേശങ്ങൾ തുടർന്നുള്ള പുന:പരിശോധനയ്ക്കു വിധേയമായി 2020 മാർച്ച് 31 വരെയുള്ള ഈ സാമ്പത്തിക വർഷത്തേയ്ക്കാണ്. എന്നിരുന്നാലും, ഈ പുനർ വായ്പാ മാതൃക പ്രകാരം വിതരണം ചെയ്ത വായ്പകൾ അവയുടെ കാലാവധി / തിരിച്ചടവ് പകര തുടർന്നും മുൻഗണനമേഖലാ വായ്പയായി തന്നെ പരിഗണിക്കും.

4. പുനർ വായ്പയെ സംബന്ധിച്ച് എം.എഫ്.ഐകൾക്കുള്ള ബാങ്ക് വായ്പയെ സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ, മുൻഗണനാ വായ്പകൾക്കുള്ള മാസ്റ്റർ നിർദ്ദേശങ്ങൾ ഖണ്ഡിക 19 ൽ പറഞ്ഞിട്ടുള്ള പ്രകാരം എൻ ബി എഫ് സി - എം.എഫ്.ഐകൾക്കും ബാധകമായിരിക്കും.

5 ഈ സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്ന തീയതി മുതൽ ഈ മാർഗനിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുന്നതാണ്.

വിശ്വസ്തതയോടെ,

(ഗൗതം പ്രസാദ് ബോറ)

**ചീഫ് ജനറൽ മാനേജർ-ഇൻ-ചാർജ്**